# കേരള സർക്കാർ
## ഇൻഫർമേഷൻ ആന്‍ഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
### ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ

## പത്രക്കുറിപ്പ്
### 2020 ജനുവരി 18 ശനി

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**www.prd.kerala.gov.in.**
**videos: http://www.clipmail.kerala.gov.in**
**email: diothrissur@gmail.com**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## ലൈഫ്മിഷൻ : അന്തിക്കാട് ബ്ലോക്കിൽ 436 വീടുകൾ പൂർത്തിയാക്കി

ലൈഫ് മിഷൻ ഗുണഭോക്താക്കളുടെ അന്തിക്കാട് ബ്ലോക്ക് കുടുംബ സംഗമം മുരളി പെരുനെല്ലി എംഎൽഎ ഉദ്ഘാടനം ചെയ്തു. അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള അഞ്ച് ഗ്രാമ പഞ്ചയത്തുകളിലായി ലൈഫ് മിഷൻ ഒന്ന് രണ്ട് ഘട്ടങ്ങളിൽ 436 കുടുംബങ്ങളുടെ ഭവന നിർമ്മാണമാണ് പൂർത്തികരിച്ചത്.

അന്തിക്കാട് ബ്ലോക്ക് പഞ്ചായത്തിൽപ്പെട്ട അന്തിക്കാട്, അരിമ്പൂർ, ചാഴൂർ, മണലൂർ, താന്ന്യം ഗ്രാമ പഞ്ചായത്തുകളിലെ ഭവന നിർമ്മാണം പൂർത്തീകരിച്ച ഗുണഭോക്താക്കളും കുടുംബ സംഗമത്തിലും അദാലത്തിലും പങ്കെടുത്തു.

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിവിധ ക്ഷേമ പദ്ധതികളും സേവനങ്ങളും ലഭ്യമാക്കുന്നതിനായി 18 വകുപ്പുകളാണ് അദാലത്തിൽ പങ്കെടുത്തത്. മാങ്ങൻ വീട്ടിൽ ലീനയുടെ പേരിലുണ്ടായിരുന്ന റേഷൻ കാർഡിലെ അക്ഷരതെറ്റ് തിരുത്തി ഗീതാ ഗോപി എംഎൽഎ ഇതോട നുബന്ധിച്ചുള്ള അദാലത്ത് ഉദ്ഘാടനം ചെയ്തു. പെരിങ്ങോട്ടുകര ഹയർ സെക്കന്ററി സ്കൂളിൽ നടന്ന കുടുംബസംഗമത്തിൽ അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പി.സി.ശ്രീദേവി അധ്യക്ഷയായി.

ജില്ലാ പഞ്ചായത്ത് മെമ്പർമാരായ സിജി മോഹൻദാസ്, ഷീല വിജയകുമാർ എന്നിവർ നിർവ്വഹണ ഉദ്യോഗസ്ഥരെ ആദരിച്ചു.

അരിമ്പൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സുജാത മോഹൻ ദാസ്, അന്തിക്കാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എ.വി. ശ്രീവത്സൻ, ചാഴൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജ്യോതി കനകരാജ്, മണലൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വിജി ശശി, അന്തിക്കാട് ബ്ലോക്ക് വൈസ് പ്രസിഡന്റ് ടി.കെ.പരമേശ്വരൻ തുടങ്ങിയവർ പങ്കെടുത്തു.

## ലൈഫ് പദ്ധതി തുടരും: മന്ത്രി പ്രൊഫ സി രവീന്ദ്രനാഥ്

വീട് ലഭിക്കാത്തവർക്ക് വീട് ലഭിക്കാനുള്ള സാഹചര്യമൊരുക്കി ലൈഫ് പദ്ധതി തുടരുമെന്ന് സംസ്ഥാന വിദ്യാഭ്യാസ മന്ത്രി പ്രൊഫ സി രവീന്ദ്രനാഥ്. മതിലകം ബ്ലോക്ക് പഞ്ചായത്തിലെ ലൈഫ് ഗുണഭോക്താക്കളുടെ കുടുംബസംഗമവും അദാലത്തും ബ്ലോക്ക് പഞ്ചായത്ത് അങ്കണത്തിൽ നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. ലൈഫ് മിഷനിൽ ഉൾപ്പെടാത്ത ഇനിയും ഭൂമി കിട്ടാത്തവരെ കണ്ടെത്തി അവർക്കും വീട് നൽകണം. എല്ലാവർക്കും പാർപ്പിടം എന്ന സങ്കൽപത്തിൽ സംസ്ഥാന സർക്കാർ നടപ്പിലാക്കിയ ഏറ്റവും വലിയ പദ്ധതിയാണ് ലൈഫ് മിഷൻ. എല്ലാവർക്കും വീട് എന്നത് യാഥാർത്ഥ്യമാകുന്ന അപൂർവ്വം പ്രദേശങ്ങളിലൊന്നാണ് കേരളമെന്നും അദ്ദേഹം പറഞ്ഞു.

ലൈഫ് പദ്ധതിയുടെ ഭാഗമായി മതിലകം ബ്ലോക്ക് പഞ്ചായത്തിൽ 857 വീടുകളാണ് പൂർത്തീകരിച്ചത്. ബ്ലോക്ക് പഞ്ചായത്തിന് കീഴിലെ മതിലകം, എസ് എൻ പുരം, എടവിലങ്ങ്,

എറിയാട്, എടതുരുത്തി, കയ്പമംഗലം, പെരിഞ്ഞനം എന്നീ പഞ്ചായത്തുകളിലായാണ് വീടുകൾ പണിതത്. സംസ്ഥാന തലത്തിൽ ജനുവരി 26 ന് നടക്കുന്ന പൂർത്തീകരണ പ്രഖ്യാപനത്തിന് മുന്നോടിയായാണ് കുടുംബസംഗമവും അദാലത്തും നടത്തിയത്. കേന്ദ്ര- സംസ്ഥാന സർക്കാരുകളുടെ വിവിധ ക്ഷേമപദ്ധതികളും സേവനങ്ങളും നേരിട്ട് ലഭ്യമാക്കാനാണ് കുടുംബസംഗമത്തോടൊപ്പം അദാലത്തും നടത്തിയത്. 20 സർക്കാർ വകുപ്പുകളുടെ കീഴിൽ മികച്ച സേവനങ്ങളും ഒരുക്കിയിരുന്നു.

കേരളത്തിലെ അർഹരായ ഭൂരഹിത ഭവന രഹിതർക്ക് സ്വന്തമായി തൊഴിൽ ചെയ്ത് ഉപജീവനം നിർവ്വഹിക്കുന്നതിനും സാമ്പത്തിക സേവനങ്ങൾ ഉൾപ്പെടെ എല്ലാ സാമൂഹ്യ ക്ഷേമ പദ്ധതികളുടെ പ്രയോജനം ലഭ്യമാക്കാനും ഉതകുന്ന തരത്തിൽ സുരക്ഷിതവും മാന്യമായ വീടുകൾ നൽകുക എന്നതാണ് ലൈഫ് മിഷന്റെ ലക്ഷ്യം.

ഇ ടി ടൈസൺ മാസ്റ്റർ എംഎൽഎ അധ്യക്ഷത വഹിച്ചു. ദാരിദ്ര്യ ലഘൂകരണ വിഭാഗം പദ്ധതി ഡയറക്ടർ സെറീന റഹ്മാൻ പദ്ധതി അവതരിപ്പിച്ചു.

***ഫോട്ടോ അടിക്കുറിപ്പ്: മതിലകം ബ്ലോക്ക് പഞ്ചായത്തിലെ ലൈഫ് മിഷൻ ഗുണഭോക്താക്കളുടെ കുടുംബസംഗമവും അദാലത്തും വിദ്യാഭ്യാസ മന്ത്രി സി രവീന്ദ്രനാഥ് ഉദ്ഘാടനം ചെയ്യുന്നു***

# പൾസ് പോളിയോ : അഞ്ച് വയസ്സിന് താഴെയുള്ള കുട്ടികൾക്ക് ഇന്ന് (ജനു 19) പോളിയോ തുള്ളിമരുന്ന് നൽകുന്നു

ജില്ലയിലെ അഞ്ച് വയസ്സിന് താഴെയുള്ള 212729 കുട്ടികൾക്ക് ഇന്ന് (ജനുവരി 19)പൾസ് പോളിയോ പ്രതിരോധ തുള്ളിമരുന്ന് നൽകുന്നു. അങ്കണവാടികൾ, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, സർക്കാർ- സ്വകാര്യ ആശുപത്രികൾ, റെയിൽവേ സ്റ്റേഷൻ, ബസ് സ്റ്റാൻഡ് തുടങ്ങി തിരഞ്ഞെടുത്ത കേന്ദ്രങ്ങളിൽ രാവിലെ 8 മുതൽ വൈകീട്ട് 5 മണിവരെ പോളിയോ ബൂത്തുകളിലൂടെ പ്രതിരോധ മരുന്ന് നൽകും. റെയിൽവേ സ്റ്റേഷൻ, ബസ് സ്റ്റാൻഡ് എന്നിവിടങ്ങളിൽ ട്രാൻസിറ്റ് ബൂത്തുകളും, ഉത്സവ പറമ്പുകൾ, കല്യാണ മണ്ഡപങ്ങൾ തുടങ്ങി ജനങ്ങൾ ധാരാളമായി എത്തുന്ന മറ്റ് കേന്ദ്രങ്ങളിൽ നേരിട്ടെത്തി നൽകുന്ന മൊബൈൽ ബൂത്തുകളും പ്രവർത്തിക്കും.

ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ ആരോഗ്യ കേരളം, സാമൂഹ്യ ക്ഷേമ വകുപ്പ്, കുടുംബശ്രീ, വിദ്യാഭ്യാസ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, സാക്ഷരതാ മിഷൻ തുടങ്ങിയ സർക്കാർ വകുപ്പുകളുടെയും വിവിധ സന്നദ്ധ സംഘടനകളുടെയും ആഭിമുഖ്യത്തിലാണ് പരിപാടി നടത്തുന്നത്. ആദിവാസി മേഖലകളിൽ പ്രത്യേക ക്യാമ്പുകളും നടത്തുന്നുണ്ട്. മൊബൈൽ ബൂത്തുകൾ, ട്രാൻസിറ്റ് ബൂത്തുകൾ എന്നിവ ഉൾപ്പടെ ആകെ 1656 ബൂത്തുകൾ സജ്ജീകരിക്കുന്നുണ്ട്. അന്യദേശ തൊഴിലാളികളുടെ 1734 കുട്ടികൾക്കും, ആദിവാസി മേഖലയിലെ 335 കുട്ടികൾക്കും ജനുവരി 19 ന് പോളിയോ തുള്ളി മരുന്ന് നൽകും. വിവിധ കാരണങ്ങളാൽ 19 ന് തുള്ളി മരുന്ന് ലഭിക്കാത്ത കുട്ടികൾക്ക് പ്രതിരോധം ലഭിച്ചു എന്ന് ഉറപ്പ് വരുത്തുന്നതിനായി വീട് വീടാന്തരം സന്ദർശിച്ച് ആരോഗ്യ പ്രവർത്തകരും, പരിശീലനം സിദ്ധിച്ച സന്നദ്ധ പ്രവർത്തകരും രണ്ട് ദിവസം കൂടി പ്രവർത്തിച്ച് യജ്ഞം പൂർത്തീകരിക്കുന്നതാണ്.

പൾസ് പോളിയോ ഇമ്മ്യൂണൈസേഷന്റെ ജില്ലാ തല ഉദ്ഘാടനം പുതുക്കാട് ആശുപത്രിയിൽ ജനുവരി 19 ന് രാവിലെ 9 .00 മണിക്ക് വിദ്യാഭ്യാസ വകുപ്പ് മന്ത്രി പ്രൊഫ .സി .രവീന്ദ്രനാഥ് നിർവഹിക്കും. തൃശ്ശൂർ എം.പി ടി.എൻ പ്രതാപൻ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മേരി തോമസ് മുഖ്യാതിഥിയാകും. ജില്ലാ മെഡിക്കൽ ഓഫീസർ ഡോ .കെ.ജെ റീന മുഖ്യ പ്രഭാഷണം നടത്തും.

# താൽക്കാലിക നിയമനം

വനിത ശിശു വികസന വകുപ്പിന് കീഴിൽ രാമവർമ്മപുരം ഹോം ഫോർ മെന്റൽ ഹെൽത്തിൽ ഫുൾ ടൈം റസിഡന്റ് വാർഡൻ, ഹൗസ് മാനേജർ എന്നീ തസ്തികളിൽ താൽക്കാലിക നിയമനം നടത്തുന്നു. റസിഡന്റ് വാർഡന് ബിരുദവും ഹൗസ് മാനേജർക്ക് എംഎ സൈക്കോളജി അല്ലെങ്കിൽ എംഎസ്ഡബ്ല്യൂ ആണ് യോഗ്യത. താൽപര്യമുള്ള വനിതകൾ പ്രായം, യോഗ്യത തെളി

യിക്കുന്ന സർട്ടിഫിക്കറ്റ് സഹിതം ജനുവരി 28 രാവിലെ പത്തിന് രാമവർമ്മപുരം ഹോമിൽ അഭിമുഖത്തിന് എത്തണം.

## കാണാതായി

മൂണ്ടൂർ ആണ്ടപറമ്പ് വടേരിയാട്ടിൽ രജ്ഞിത്തിന്റെ ഭാര്യ കൃഷ്ണ (25), മക്കളായ സാവിത്രി (6), സന (ഒന്നര) എന്നിവരെ കാണാതായി. ജനുവരി എട്ടിന് വൈകീട്ട് ആറരയോടെയാണ് കാണാതായത്. രജ്ഞിത്തിന്റെ പരാതിയിന്മേൽ പേരാമംഗലം പോലീസ് കേസ്സെടുത്ത് അന്വേഷണം തുടങ്ങി. വിവരങ്ങൾ ലഭിക്കുന്നവർ പേരാമംഗലം പോലീസിൽ അറിയിക്കേണ്ടതാണ്. ഫോൺ: 0487 2307237, 2306303, 9497962833.

***ഫോട്ടോ അടിക്കുറിപ്പ്: കാണാതായ മൂണ്ടൂർ ആണ്ടപറമ്പ് വടേരിയാട്ടിൽ രജ്ഞിത്തിന്റെ ഭാര്യ കൃഷ്ണ, മക്കളായ സാവിത്രി, സന***

## ക്വട്ടേഷൻ

മാള ഐസിഡിഎസ് പ്രോജക്ടിലെ 145 അങ്കണവാടികളിലേക്ക് 2019-20 സാമ്പത്തിക വർഷത്തിൽ ആവശ്യമായ കണ്ടിജൻസി സാധനങ്ങൾ വിതരണം ചെയ്യുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി ഫെബ്രുവരി ഒന്ന് മൂന്ന് മണി. ഫോൺ: 0480 -2893269.

## ബാലാവകാശ സംരക്ഷണം: സംയോജിത ശില്പശാല നടത്തി

ബാലാവകാശ സംരക്ഷണ സംയോജിത ശില്പശാല തൃശൂർ എലൈറ്റ് ഇന്റർനാഷ്ണൽ ഹോട്ടലിൽ ഫസ്റ്റ് അഡിഷ്ണൽ ഡിസ്ട്രിക്ട് ആൻഡ് സെഷൻസ് ജഡ്ജ് കെ ആർ മധുകുമാർ ഉദ്ഘാടനം ചെയ്തു. കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ മെമ്പർ സിസ്റ്റർ ബിജി ജോസ് അധ്യക്ഷത വഹിച്ചു. ബാലനീതി നിയമവുമായി ബന്ധപ്പെട്ട് തൃശൂർ ജില്ലയിൽ നിലവിലുള്ള എല്ലാ കർത്തവ്യ വാഹകരെയും പങ്കെടുപ്പിച്ചുകൊണ്ടാണ് ശില്പശാല നടന്നത്. ജില്ലാ തലത്തിലുള്ള ബാലനീതി സംവിധാനത്തിന്റെ പ്രവർത്തനം സമയോചിതമായി ശാക്തീകരിക്കുന്നതിന് ഏകദിന ശില്പശാലകൾ നടത്താൻ കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മിഷൻ തീരുമാനിച്ചതിന്റെ ഭാഗമായാണിത്. സംയോജിത ശാക്തീകരണ-പ്രവർത്തന രീതി എന്ന വിഷയത്തിൽ ബാലാവകാശ സീനിയർ ടെക്നിക്കൽ ഓഫീസർ ആൽഫ്രഡ് കെ ജോർജ് ക്ലാസെടുത്തു. പ്രവർത്തന മേഖലയിൽ നേരിടുന്ന ബുദ്ധിമുട്ടുകളും പരിഹാരം കണ്ടെത്തലും എന്നതിൽ ഗ്രൂപ്പ് ചർച്ചയും നടന്നു. ജില്ലാ ലീഗൽ സർവീസസ് അതോറിറ്റി സബ് ജഡ്ജ് ആൻഡ് സെക്രട്ടറി നിഷി പി എസ്, ജില്ലാ ജുവനൈൽ ജസ്റ്റിസ് ബോർഡ് പ്രിൻസിപ്പൽ മജിസ്ട്രേറ്റ് ശ്രുതി എം, ജില്ലാ ചൈൽഡ് വെൽഫെയർ കമിറ്റി ചെയർമാൻ കെ ജി വിശ്വനാഥൻ, ജില്ലാ വനിതാ ശിശു വികസന ഓഫീസർ സുലക്ഷണ എസ്, ജില്ലാതല ഐ സി ഡി എസ് പ്രോഗ്രാം ഓഫീസർ ചിത്രലേഖ കെ കെ തുടങ്ങിയവർ പങ്കെടുത്തു. കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മിഷൻ മെമ്പർ ഡോ എം പി ആന്റണി സ്വാഗതവും, ജില്ലാ ശിശു സംരക്ഷണ ഓഫീസർ മഞ്ജു പി ജി നന്ദിയും പറഞ്ഞു.

## റീടെണ്ടർ

വനിത ശിശു വികസന വകുപ്പിന്റെ കീഴിൽ പുഴയ്ക്കൽ അഡീഷണൽ തൃശൂർ അർബൻ ഒന്ന് ഐസിഡിഎസ് പ്രോജക്ടിൽ 2019-20 സാമ്പത്തിക വർഷത്തിൽ പ്രവർത്തിക്കുന്ന 137 അങ്കണവാടികളിലേക്ക് ആവശ്യമായ കണ്ടിജൻസി സാധനങ്ങൾ വിതരണം ചെയ്യുന്നതിന് ടെണ്ടർ ക്ഷണിച്ചു. ടെണ്ടർ സ്വീകരിക്കുന്ന അവസാന തീയതി ജനുവരി 23 ഉച്ചയ്ക്ക് രണ്ട് മണി. ഫോൺ: 0487-2360008.

## ദർഘാസ്

ഫിഷറീസ് വകുപ്പ് പീച്ചി ലൈവ് ഫിഷ് ഫീഡ് ഫുഡ് പദ്ധതിയുമായി ബന്ധപ്പെട്ട് ലബോറട്ടറി സാമഗ്രികൾ വിതരണം ചെയ്യുന്നതിന് അംഗീകൃത സ്ഥാപനങ്ങൾ, ഏജൻസികൾ, ഡീലർമാർ

എന്നിവരിൽ നിന്ന് ദർഘാസ് ക്ഷണിച്ചു. ദർഘാസ് സ്വീകരിക്കുന്ന അവസാന തിയതി ജനുവരി 24. ഫോൺ: 0487-2441132.

## ടെണ്ടർ

ഇൻസ്റ്റലേഷൻ ഓഫ് ഓട്ടോമേഷൻ ഓഫ് വാട്ടർ ക്വാളിറ്റി മോണിറ്ററിംഗ് ആൻഡ് കൺട്രോൾ സിസ്റ്റം - പീച്ചി ഹാച്ചറി പദ്ധതിക്ക് ആവശ്യമായ സാധനങ്ങൾ വിതരണം ചെയ്യുന്നതിന് ടെണ്ടർ ക്ഷണിച്ചു. ടെണ്ടർ സ്വീകരിക്കുന്ന അവസാന തീയതി ജനുവരി ജനുവരി 24. കൂടുതൽ വിവരങ്ങൾക്ക് തൃശൂർ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയവുമായി ബന്ധപ്പെടുക. ഫോൺ: 0487-2441132.

## തുടരും